# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.12.2024**

### പ്രധാനവാർത്തകൾ

1. രാജ്യത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടെ പത്ത് ലക്ഷത്തോളം യുവജനങ്ങൾക്ക് കേന്ദ്ര സർക്കാർ സർവ്വീസിൽ ജോലി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 14-ാമത് റോസ്ഗർ മേളയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

2. കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർ ലാൽ കൊച്ചിയിൽ വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

3. രാജ്യത്ത് അഞ്ച്, എട്ട് ക്ലാസുകളിലെ സ്ഥാനക്കയറ്റം സംബന്ധിച്ച നയം കേന്ദ്രസർക്കാർ റദ്ദാക്കി. പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് മാസത്തിനുള്ളിൽ വീണ്ടും പരീക്ഷ എഴുതാൻ അവസരം.

4. ക്രിസ്തുമസ് - നവവത്സര ആഘോഷങ്ങൾക്ക് ഒരുങ്ങി നാടും നഗരവും. വസന്തോത്സവത്തിന് തിരുവനന്തപുരത്ത് മറ്റെന്നാൾ തുടക്കമാകും.

5. ശബരിമല സന്നിധാനത്ത് വൻ ഭക്തജനത്തിരക്ക്. മുക്കുഴി, അഴുതക്കടവ് കാനനപാതയിലെ സഞ്ചാരസമയം ഒരു മണിക്കൂർ ദീർഘിപ്പിച്ചു.

RNU TVPM

==========================================================

## പി എം-റോസ്ഗർമേള

രാജ്യത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടെ പത്ത് ലക്ഷത്തോളം യുവജനങ്ങൾക്ക് കേന്ദ്ര സർക്കാർ സർവ്വീസിൽ ജോലി നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്ര സർക്കാരിന് കീഴിൽ വിവിധ വകുപ്പുകളിൽ പുതുതായി 71,000-ത്തിലധികം പേർക്ക് നിയമനപത്രം കൈമാറുന്ന 14-ാമത് റോസ്ഗർ മേളയെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യം ഇനിയും ഏറെ മുന്നേറുന്നതിന് യുവ ജനങ്ങളുടെ പങ്കാളിത്തം ആവശ്യമാണ്. റോസ്ഗർ മേളകൾ യുവജനങ്ങളുടെ ശാക്തീകരണത്തിനും അവരുടെ കഴിവുകൾ പുറത്ത് കൊണ്ടുവരുന്നതിനും ഏറെ സഹായകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ നാല്പത്തി അഞ്ചിടങ്ങളിലായി നടന്ന റോസ്ഗർ മേളയിൽ കേന്ദ്ര മന്ത്രിമാർ പങ്കെടുത്തു.

RNU TVPM

==========================================================

## സുരേഷ് ഗോപി റോസ്ഗർ മേള

ഇന്ത്യയുടെ മുന്നോട്ടുള്ള യാത്രയിലെ സുപ്രധാന ഘടകം യുവത്വമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. റോസ്ഗർ മേളയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ യുവാക്കൾക്ക് സുരക്ഷിത ഭാവി ഉറപ്പാക്കാനുള്ള സുപ്രധാന ചുവടുവെയ്പ്പാണ് റോസ്ഗർ മേളയെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു.

==========================================================

## മനോഹർലാൽ -സന്ദർശനം(ഇൻട്രോ)

കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർ ലാൽ ഇന്ന് കൊച്ചിയിൽ വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷമാണ് അദ്ദേഹം കൊച്ചിയിലെത്തിയത്. ലക്ഷദ്വിപിൻ്റെ ഊർജ്ജ ഉൽപ്പാദന മേഖയിൽ കൂടുതൽ സൗരോർജ്ജ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നതായി കേന്ദ്ര മന്ത്രി പറഞ്ഞു.

(voice)

==================================================================

## എ.കെ ശശീന്ദ്രൻ

വന - നിയമ ഭേദഗതിയിൽ ആശങ്ക വേണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. സർക്കാരിന് മുൻ വിധി ഇല്ലെന്നും ഇപ്പോഴുള്ളത് അനാവശ്യ വിവാദമാണെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത രൂപത്തിലാണ് ബിൽ നിയമസഭയിൽ വരുകയെന്നും വിവാദങ്ങളിൽ നിന്ന് ബന്ധപ്പെട്ടവർ പിൻതിരിയണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

==================================================================

## വനം നിയമ ഭേദഗതി-ജോസ് കെ മാണി

വന നിയമ ഭേദഗതി ബില്ലിൽ ആശങ്ക പങ്കുവച്ച് കേരള കോൺഗ്രസ് എം. നേതാക്കൾ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു. പാർട്ടി അധ്യക്ഷൻ ജോസ് കെ മാണിയുടെ നേതൃത്വത്തിലാണ് നേതാക്കൾ മുഖ്യമന്ത്രിയെ നേരിൽ കണ്ടത്. ആശങ്കകൾ പരിഹരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതായി നേതാക്കൾ അറിയിച്ചു.

==============================================================

## നിയമസഭാ സ്പീക്കർ

സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കാനുള്ള മാർഗ്ഗം സ്ത്രീകൾ മികച്ച വിദ്യാഭ്യാസം നേടുകയാണെന്ന് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ. കാസർകോഡ് മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ ജെൻഡർ സ്റ്റാറ്റസ് സ്റ്റഡി ജ്വലിത പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹരിത ഓഫീസ് പ്രഖ്യാപനവും നിയമസഭാ സ്പീക്കർ നിർവഹിച്ചു.

==============================================================

## വി.എൻ വാസവൻ

ഇടുക്കി കട്ടപ്പനയിൽ ജീവനൊടുക്കിയ വ്യാപാരി സാബുവിൻറെ കുടുംബത്തിന് പണം ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മന്ത്രി വി എൻ വാസവൻ. മറ്റ് നടപടികൾ പൊലീസിൻറെ ഭാഗത്ത് നിന്ന് ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. ബാങ്ക് ജീവനക്കാർ ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

RNU TVPM

==============================================================

## മലബാർ കാൻസർ സെന്റർ

സംസ്ഥാനത്ത് അർബുദ രോഗികൾക്ക് നൽകുന്ന മരുന്നുകളുടെ രക്തത്തിലേക്കുള്ള സഞ്ചാര നിരക്ക് കൃത്യമായി ക്രമീകരിക്കാനും നിരീക്ഷിക്കാനുമുള്ള പുതിയ സംവിധാനം സജ്ജമായി. മലബാർ കാൻസർ സെന്റർ - പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ചിലാണ് ഡ്രിപോ സംവിധാനം ഉപയോഗപ്പെടുത്തി വയർലസ് ഇൻഫ്യൂഷൻ മോണിറ്ററിംഗ് എന്ന പദ്ധതി

നടപ്പിലാക്കിയത്. വ്യാഴാഴ്ച നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുതിയ സംവിധാനം മലബാർ കാൻസർ സെൻററിന് കൈമാറും.

==================================================

## നോ ഡിറ്റൻഷൻ നയം

രാജ്യത്ത് അഞ്ച്, എട്ട് ക്ലാസുകളിലെ സ്ഥാനക്കയറ്റം സംബന്ധിച്ച നയം കേന്ദ്ര സർക്കാർ റദ്ദാക്കി. അഞ്ച്, എട്ട് ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് രണ്ട് മാസത്തിനുള്ളിൽ വീണ്ടും പരീക്ഷ എഴുതാൻ അവസരം ലഭിക്കുമെന്ന് വിദ്യാഭ്യാസ സെക്രട്ടറി സഞ്ജയ് കുമാർ പറഞ്ഞു. എന്നാൽ രണ്ടാമതും പരീക്ഷയിൽ പരാജയപ്പെടുന്ന പക്ഷം 6 മുതൽ 8 വരെയുള്ള ക്ലാസുകളിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കില്ല.

==================================================

## ക്രിസ്തുമസ്സ്- പി എം

RNU TVPM

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം പങ്കെടുക്കും. കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയവരുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തും.

==================================================

## കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ

പാലക്കാട്ടെ സർക്കാർ സ്കൂളിലെ ക്രിസ്മസ് ആഘോഷം തടഞ്ഞ സംഭവത്തിൽ സംസ്ഥാന സർക്കാർ ശക്തമായ നടപടിയെടുക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്

കുര്യൻ. ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്ത സംഭവമാണ് നടന്നത്. സ്കൂളിൽ കോൺഗ്രസും ഡി.വൈ.എഫ്.ഐയും കരോൾ നടത്തിയത് സ്വാഗതം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

---

## കെ. കൃഷ്ണൻകുട്ടി

പാലക്കാട് സ്കൂളുകളിൽ ക്രിസ്മസ് പരിപാടികളുമായി ബന്ധപ്പെട്ട് നടന്ന സംഭവങ്ങൾ പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. ഇന്ന് രാവിലെയാണ് തത്തമംഗലത്ത് സ്കൂളിൽ സ്ഥാപിച്ച പുൽക്കൂട് തകർത്ത നിലയിൽ കണ്ടെത്തിയത്. സ്കൂൾ അധികൃതരുടെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. കഴിഞ്ഞ ദിവസം നല്ലേപ്പിള്ളി ഗവർമെന്റ് സ്കൂളിലെ ക്രിസ്മസ് ആഘോഷം തടയാൻ ശ്രമിച്ച മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

RNU TVPM

---

## വസന്തോത്സവം

ക്രിസ്തുമസ് - നവവത്സര ആഘോഷങ്ങൾക്ക് ഒരുങ്ങുകയാണ് നാടും നഗരവും. തലസ്ഥാന നഗരിയിൽ ആഘോഷങ്ങളുടെ ഭാഗമായുള്ള വസന്തോത്സവത്തിന് മറ്റെന്നാൾ തുടക്കമാകും.

മന്ത്രി പി.എ മുഹമ്മദ് റിയാസ് കനകക്കുന്നിൽ പരിപാടി ഉദ്ഘാടനം ചെയ്യും. വസന്തോത്സവം അടുത്ത മാസം 3-ന് സമാപിക്കും. ദീപാലങ്കാരത്തിനൊപ്പം പുഷ്പ മേള, ട്രേഡ് ഫെയർ, ഫുഡ് കോർട്ട്, അമ്യൂസ്മെന്റ് പാർക്ക്, വിവിധ കലാപരിപാടികൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

---

## ക്രിസ്തുമസ് - ഇടുക്കി (ഇൻട്രോ)

ക്രിസ്തുമസിനെ വരവേൽക്കാൻ നാടിനും നഗരത്തിനും ഒപ്പം പാറക്കെട്ടുകളിലും പറമ്പുകളിലുമെല്ലാം ഉണ്ണീശോപ്പുല്ലുകൾ നിറച്ച് പ്രകൃതിയും ഒരുങ്ങി. പരമ്പരാഗത ശൈലിയിൽ ഉണ്ണീശോപ്പുല്ല് ഉപയോഗിച്ചുള്ള പുൽക്കൂടുകളുടെയും മുളകൊണ്ടുള്ള നക്ഷത്രങ്ങളുടെയും നിർമ്മാണം ഗ്രാമങ്ങളിൽ സജീവമാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

---

## ശബരിമല

മണ്ഡല പൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി വഹിച്ചു കൊണ്ടുള്ള ഘോഷയാത്രയ്ക്ക് പത്തനംതിട്ട ടൗണിൽ സ്വീകരണം നൽകി. ഇന്നലെ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നാണ് ശബരിമല സന്നിധാനത്തേക്കുള്ള ഘോഷയാത്ര ആരംഭിച്ചത്.

PNU TVPM

ഘോഷയാത്ര മറ്റെന്നാൾ വൈകിട്ട് ശബരിമലയിൽ എത്തും.

---

## മണ്ഡലപൂജ

ശബരിമല സന്നിധാനത്ത് വൻ ഭക്തജനത്തിരക്ക്. തീർത്ഥാടകരുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ മുക്കുഴി, അഴുതക്കടവ് കാനനപാതയിലെ സഞ്ചാരസമയം ഒരു മണിക്കൂർ ദീർഘിപ്പിച്ച് ഇടുക്കി ജില്ലാ കളക്ടർ. അഴുതക്കടവിലെ പ്രവേശന സമയം രാവിലെ 7 മുതൽ

ഉച്ചതിരിഞ്ഞ് 3.30 വരെയും, മുക്കുഴിയിലെ പ്രവേശന സമയം രാവിലെ 7 മുതൽ വൈകീട്ട് 4 വരെയും ആയിരിക്കും.

==========================================================

## റേഡിയോ നാടകം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഫിയോദർ ദസ്തയേവ്സ്കിയുടെ കുറ്റവും ശിക്ഷയും എന്ന നോവൽ തുടർ നാടകമായി പ്രക്ഷേപണം ചെയ്യുന്നു. എഴുത്തുകാരനും പ്രക്ഷേപകനുമായ ഡോ എം രാജീവ് കുമാറാണ് റേഡിയോ രൂപാന്തരം തയ്യാറാക്കിയിരിക്കുന്നത്. ക്രിസ്തുമസ് ദിനം മുതൽ ഉച്ചയ്ക്ക് 2.15 ന് ഈ തുടർ നാടകം കേൾക്കാം.

==========================================================

RNU TVPM

## സി പി ഐ എം ജില്ലാ സമ്മേളനം I

സിപിഐ എം തിരുവനന്തപുരം ജില്ലാ സെക്രട്ടറിയായി വി ജോയിയെ വീണ്ടും തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാന കമ്മിറ്റി അംഗവും വർക്കല എംഎൽഎയുമാണ് അദ്ദേഹം. തിരുവനന്തപുരത്ത് നടന്ന ജില്ലാ സമ്മേളനത്തിലാണ് 46 അംഗ ജില്ലാ കമ്മിറ്റിയെ തെരഞ്ഞെടുത്തത്. ഇതിൽ എട്ടു പേർ പുതുമുഖങ്ങളാണ്.

==========================================================

## ബിജെപി വീണ്ടും അധികാരത്തിൽ

പത്തനംതിട്ട ജില്ലയിലെ പന്തളം നഗരസഭയിൽ ബിജെപി വീണ്ടും അധികാരത്തിൽ. 19 വോട്ട് നേടിയ ബി.ജെ.പി സ്ഥാനാർത്ഥി അച്ചൻ കുഞ്ഞ് ജോൺ നഗരസഭ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. ബിജെപിയുടെ 18 കൗൺസിലർമാർക്കൊപ്പം സ്വതന്ത്ര

അംഗത്തിൻറെയും പിന്തുണ അദ്ദേഹത്തിന് ലഭിച്ചു. ഇടതു സ്ഥാനാർത്ഥി ലസിതക്ക് 9 വോട്ടുകൾ ലഭിച്ചു. 5 യുഡിഎഫ് അംഗങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ടു നിന്നു.

RNU TVPM